സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ
പരിശീലന സമിതി (SCERT)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012
Phone: 0471 - 2341883, 2340323
E-mail: scertkerala@gmail.com

6556

നമ്പർ. പ്രോഗ്രാം3/1947/2019/എസ്.സി.ഇ.ആർ.ടി.

തീയതി : 24.09.2019

പ്രേഷകൻ

ഡയറക്ടർ,
എസ്.സി.ഇ.ആർ.ടി., കേരളം

സ്വീകർത്താവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ
പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
ജഗതി, തിരുവനന്തപുരം

A3

സർ,

വിഷയം: എസ്.സി.ഇ.ആർ.ടി. - NTS/NMMS പരീക്ഷ നടത്തിപ്പ് - സംബന്ധിച്ച്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി) കേരളത്തിലെ എട്ടാം ക്ലാസ് വിദ്യാർത്ഥികൾക്കായുള്ള NMMS ന്റെ യോഗ്യതാ പരീക്ഷയും പത്താം ക്ലാസ് വിദ്യാർത്ഥികൾക്കായുള്ള NTS ന്റെ യോഗ്യതാപരീക്ഷയും **2019 നവംബർ മാസം 17** ന് നടത്തുന്നു. പരീക്ഷ ഓൺലൈൻ വഴി സ്വീകരിക്കുന്ന അവസാന തീയതി **2019 ഒക്ടോബർ 05** ആണ്.

ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ പകർപ്പ് സ്കൂൾ Principal/HM ന് സമർപ്പിക്കേണ്ടതാണ്. Principal/HM എസ്.സി.ഇ.ആർ.ടി. വെബ്സൈറ്റിൽ നൽകിയിരിക്കുന്ന "Verification of Application by Principal/HM" എന്ന ലിങ്കിൽ Sampoorna യുടെ യൂസർ ഐ.ഡി. യും പാസ്സ്‌വേർഡും നൽകിയശേഷം അപേക്ഷകൾ വെരിഫൈ നടത്തി അപ്രൂവ് ചെയ്യേണ്ടതാണ്. വിശദവിവരം എസ്.സി.ഇ.ആർ.ടി. വെബ്സൈറ്റിൽ **(www.scert.kerala.gov.in)** ലഭ്യമാണ്.

2019 - 20 അധ്യയനവർഷം കേരള സർക്കാരിന്റെ കീഴിലുള്ള ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിൽ എട്ടാം ക്ലാസിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് മാത്രമെ NMMS പരീക്ഷയിൽ പങ്കെടുക്കുവാൻ അർഹതയുള്ളൂ. സംസ്ഥാന സർക്കാർ നടത്തുന്ന റസിഡൻഷ്യൽ സ്കൂളുകൾ, മറ്റ് അംഗീകൃത സ്കൂളുകൾ എന്നിവയിൽ പഠിക്കുന്ന കുട്ടികൾ ഈ സ്കോളർഷിപ്പിന് അർഹരല്ല.

2019 - 20 അധ്യയനവർഷം കേരളത്തിലെ പഠിക്കുന്ന ഗവൺമെന്റ്/എയ്ഡഡ്/കേന്ദ്രീയ വിദ്യാലയ/സർവ്വോദയ വിദ്യാലയ/സൈനിക സ്കൂൾ/മറ്റു സർക്കാർ അംഗീകൃത സ്കൂളുകളിൽ പത്താം ക്ലാസിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് NTS പരീക്ഷയ്ക്ക് അപേക്ഷിക്കാം.

ഇതു സംബന്ധിച്ച അറിയിപ്പ് എല്ലാ സ്കൂളുകളിലും നൽകുന്നതിനായി ഡി.ഡി.ഇ./ഡി.ഇ.ഒ. എന്നിവർക്ക് നിർദ്ദേശം നൽകണമെന്ന് താൽപര്യപ്പെടുന്നു.

വിശ്വസ്തതയോടെ

ഡയറക്ടർ

പകർപ്പ് : ഡി.ഇ., ഡി.ഇ.ഒ

A3-6556/19/LDIS DT 10/19

എല്ലാ പ്രധാനാധ്യാപകരുടെയും അറിവിലേക്കും തുടർനടപടികൾക്കുമായി നൽകുന്നു.

ജില്ലാ വിദ്യാഭ്യാസ ഓഫീസർ
തൃശ്ശൂർ.

14/10/19.